# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2246 13.02.2013 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കൊറിയൻ കമ്പനിയുമായി കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. സാജു പോൾ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് കൊറിയൻ കമ്പനിയുമായി കരാറിൽ ഏർപ്പെടാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഈ കമ്പനിയുടെ സൗരോർജ്ജ ഉൽപ്പാദന രംഗത്തെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ;<br>(ബി) പ്രസ്തുത കമ്പനിയുടെ സാങ്കേതിക കഴിവുകൾ എന്തൊക്കെയാണെന്നാണ് പരിശോധനയിൽ മനസ്സിലാക്കിയിട്ടുള്ളത്; വെളിപ്പെടുത്താമോ;<br>(സി) സാങ്കേതിക വിദ്യ മറ്റേതെങ്കിലും കമ്പനിയിൽനിന്നും ഈ കമ്പനി സ്വായത്തമാക്കുകയാണോ എന്നും അത് സംബന്ധിച്ച കരാർ സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;<br>(ഡി) പ്രസ്തുത കമ്പനിയുടെ സാമ്പത്തിക സ്ഥിതി മനസ്സിലാക്കിയിട്ടുണ്ടോ; ലഭ്യമായ വിവരങ്ങൾ വിശദമാക്കാമോ? | (എ), (ബി), (സി) & (ഡി)<br>പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ ചെമ്മനപതി ഗ്രാമത്തിൽ **Hanjong Energy & Technology Private (Limited)** എന്ന കമ്പനി 30 MWP ശേഷിയുള്ള സൗരോർജ്ജപ്ലാന്റ് സ്ഥാപിക്കുന്നുണ്ടെന്നും രണ്ടു വർഷത്തിനുള്ളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 300 MWP ന്റെ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും യൂണിറ്റൊന്നിന് 3 രൂപ 25 പൈസ നിരക്കോ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന നിരക്കോ ഏതാണ് കുറവ് ആ നിരക്കിൽ വൈദ്യുതി തരാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നതനുസരിച്ച് പ്രസ്തുത കമ്പനിയുമായി ധാരണാപത്രം ഒപ്പുവെയ്ക്കാൻ മന്ത്രിസഭ തീരുമാനിച്ചിരുന്നു. എന്നാൽ ടി കമ്പനിയുമായി ധാരണാപത്രം ഒപ്പിടുന്നതിനുമുൻപ് ധനകാര്യ വകുപ്പിൽ നിന്നും നിയമവകുപ്പിൽ നിന്നും ലഭിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രം ഒപ്പിടുന്നതു സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ